# പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 314 - 05.03.2012 - ൽ മറുപടിക്ക്**

**കേരള ഫിനാൻഷ്യൽ കോർപ്പറേഷൻെറ സ്വയം തൊഴിൽ പദ്ധതികൾ**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. സി.എഫ്. തോമസ്<br>ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. റ്റി.യു. കുരുവിള | | ശ്രീ. കെ.എം. മാണി<br>ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി |
| (എ) | കേരള ഫിനാൻഷ്യൽ കോർപ്പറേഷനിലൂടെ യുവജനങ്ങൾക്കായി നടപ്പിലാക്കുന്ന സ്വയം തൊഴിൽപദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | ഒരു ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിച്ച് കേരള സംസ്ഥാനത്തെ തൊഴിലില്ലായ്മയുടെ തോത് കുറയ്ക്കുക, സംസ്ഥാനത്തെ യുവജനങ്ങൾ-ക്കിടയിൽ സംരംഭകത്വ സ്വഭാവം വളർത്തിയെടുക്കുക എന്നീ ഉദ്ദേശ്യ ലക്ഷ്യങ്ങളോടെ കേരള സർക്കാർ രൂപം നൽകിയ ഒരു പദ്ധതിയാണ് കേരള സംസ്ഥാന സ്വയം സംരംഭക വികസന മിഷൻ. കഴിവും മികച്ച ആശയങ്ങളും ഉള്ള തൊഴിൽ രഹിതരായ വിദ്യാസമ്പന്നരെ കണ്ടെത്തുകയും അവർക്ക് സ്വയം സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ പരിശീലനം നൽകുകയും ചെയ്തതിനുശേഷം, പ്രസ്തുത പരിശീലനം വിജയകരമായി പൂർത്തിയാക്കിയവർക്ക് ലളിതമായ ജാമ്യ വ്യവസ്ഥ പ്രകാരം ബാങ്കുകളിലൂടെയും ധനകാര്യ സ്ഥാപനങ്ങളിലൂടെയും പലിശരഹിത സാമ്പത്തിക സഹായം നൽകുകയുമാണ് ഈ മിഷനിലൂടെ ലക്ഷ്യമിടുന്നത്.<br>50,000 യുവജനങ്ങൾക്ക് വിദഗ്ദ്ധ തൊഴിൽ പരിശീലനം നൽകി, 10,000 ചെറുകിട തൊഴിൽ സംരംഭങ്ങൾ സ്ഥാപിച്ച് 1 ലക്ഷം പേർക്ക് പ്രത്യക്ഷമായും 5 ലക്ഷം പേർക്ക് പരോക്ഷമായും തൊഴിൽ ഉറപ്പു വരുത്തുന്ന ഒരു ബൃഹത് പദ്ധതിയാണ് കേരള സംസ്ഥാന സ്വയം സംരംഭക വികസന മിഷൻ.<br>കേരളാ ഫിനാൻഷ്യൽ കോർപ്പറേഷനാണ് ഈ പദ്ധതിയുടെ നോഡൽ ഏജൻസി. കേരള സർക്കാരിൻെറ 8.12.2011-ലെ ജി.ഒ.(എം.എസ്) 590/11/Fin. നമ്പർ ഉത്തരവ് പ്രകാരമാണ് ഈ പദ്ധതി നിലവിൽ വന്നത്.<br>തൊഴിൽ രഹിതരായ, മികച്ച ആശയങ്ങളുള്ള, 21-നും 40-നും ഇടയ്ക്ക് പ്രായമുള്ള യുവതീയുവാക്കളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. +2, വൊക്കേഷണൽ കോഴ്സുകളാണ് യോഗ്യത. 2011 ഡിസംബർ 12 മുതൽ 2012 ജനുവരി 7 വരെ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളി-ലായിരുന്നു രജിസ്ട്രേഷൻ.<br>3977 സംരംഭങ്ങൾ ഈ പദ്ധതിയിൽ ആദ്യ ബാച്ചിലേക്ക് രജിസ്റ്റർ ചെയ്തു. ഇതിൽ നിന്നും 812 പേരെ പരിശീലനത്തിനായി തിരഞ്ഞെടുത്തു. |

| | | |
|---|---|---|
| | | ആദ്യ ബാച്ചിൻെറ പരിശീലനം ഇപ്പോൾ പുരോഗമിക്കുകയാണ്. പരിശീലന ശേഷം ഇവർക്ക് പലിശരഹിത വായ്പ ലഭ്യമാക്കും. പദ്ധതിയുടെ 90% വരെ എന്ന കണക്കിൽ, പരമാവധി 20 ലക്ഷം രൂപയാണ് വായ്പ. |
| (ബി) | ഈ പദ്ധതിയിൽ സംസ്ഥാനത്ത് എത്ര സംരംഭകരാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്; | ഈ പദ്ധതിയിൽ ആദ്യ ബാച്ചിൽ 3977 സംരംഭങ്ങൾ രജിസ്റ്റർ ചെയ്തു. |
| (സി) | കെ.എഫ്.സി.യുടെ സ്വയം തൊഴിൽ പദ്ധതിക്ക് മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കൂടുതൽ വായ്പ ലഭ്യമാക്കുവാൻ ശ്രമിക്കുമോ; | ഈ പദ്ധതി ബാങ്കുകളുടെ സംസ്ഥാനതല സമിതി (എസ്.എൽ.ബി.സി.)യുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. എസ്.എൽ.ബി.സി. സബ് കമ്മിറ്റിയുടെ 23.02.2012–ൽ നടന്ന യോഗത്തിൽ ഈ പദ്ധതി അവതരിപ്പിക്കുകയുണ്ടായി. സബ് കമ്മിറ്റിയുടെ ശുപാർശ എസ്.എൽ.ബി.സി.യുടെ അടുത്ത യോഗത്തിൽ അംഗീകരിക്കാനാണ് സാദ്ധ്യത. എസ്.എൽ.ബി.സി. അംഗീകരിച്ചാൽ, സംസ്ഥാനത്തെ വിവിധ ബാങ്കുകൾ വഴി ഈ പദ്ധതി പ്രകാരമുള്ള വായ്പ ലഭ്യമാക്കാനാകും. |
| (ഡി) | കെ.എഫ്.സി. ഏതെല്ലാം ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുമാണ് വായ്പ എടുത്തിരിക്കുന്നത്: കെ.എഫ്.സി.യിൽ സർക്കാരിൻെറ ഷെയർ എത്രയാണെന്ന് വിശദമാക്കുമോ? | കെ.എഫ്.സി. വായ്പ എടുത്തിരിക്കുന്ന ധനകാര്യ സ്ഥാപനങ്ങൾ താഴെപ്പറയുന്ന പ്രകാരമാണ്.<br>1) സിഡ്ബി – 415 കോടി<br>2) ഫെഡറൽ ബാങ്ക് – 41 കോടി<br>3) സൗത്ത് ഇന്ത്യൻ ബാങ്ക് – 97 കോടി<br>4) ഇന്ത്യൻ ബാങ്ക് – 98 കോടി<br>5) കടപ്പത്രങ്ങൾ – 225 കോടി<br>കെ.എഫ്.സി.യിൽ സർക്കാരിൻെറ ഷെയർ 205.74 കോടി (97.06%) രൂപയാണ്. |

സെക്ഷൻ ഓഫീസർ